# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 13.03.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് ഇന്ധന വിതരണ ശൃംഖലയിലുണ്ടായ തടസ്സങ്ങൾ പരിഹരിക്കുന്നതിന് ശ്രമം തുടരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്ഥിതിഗതികൾ പ്രധാനമന്ത്രി ഇറാൻ പ്രസിഡൻറുമായി ചർച്ച ചെയ്തു.

   **Prime Minister Narendra Modi reaffirmed the government's commitment to addressing challenges related to the energy sector. Prime Minister held a conversation with Iranian President Masoud Pezeshkian to discuss the serious situation in the West Asian region.**

2. ഗാർഹിക പാചകവാതക വിതരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കേന്ദ്ര സർക്കാർ. ആഭ്യന്തര എൽപിജി ഉത്പാദനം 28 ശതമാനം വർദ്ധിപ്പിച്ചതായി കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി.

   **Centre making all efforts to ensure household supply of LPG. Union Petroleum Minister Hardeep Singh Puri says, domestic LPG output rose by 28 per cent.**

3. പിഎം കിസാൻ സമ്മാൻ നിധിയുടെ 22-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിലെ ഗുവാഹത്തിയിൽ വിതരണം ചെയ്യും.

   **Prime Minister Narendra Modi will release 22nd installment of Pradhan Mantri Kisan Samman Nidhi from Guwahati today.**

4. പാർലമെന്റിന്റെ ബജറ്റ് സമ്മേളനം തുടരുന്നു. ലോക്സഭയിൽ ഉപധനാഭ്യർത്ഥനകൾക്ക് മേലുള്ള ചർച്ചയ്ക്ക് ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് മറുപടി നൽകും.
**Lok Sabha will take up further discussion and voting on the Supplementary Demands for Grants - Second Batch for 2025-2026. Finance Minister Nirmala Sitharaman will reply to the discussion in the House today.**

5. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ അധ്യക്ഷതയിൽ ഇന്ന് ജില്ലാ കളക്ടർമാരുടെ യോഗം ചേരും.
**The Chief Electoral Officer of Kerala will assess the preparations for the Legislative Assembly elections, in a meeting of the District Collectors today .**

6. F.I.H ഹോക്കി വനിതാ ലോകകപ്പിന് യോഗ്യത നേടി ഇന്ത്യ.
**India confirmed their berth in the upcoming FIH Hockey Women's World Cup 2026.**

***********************************

## PM-NXT SUMMIT (INTRO)

പശ്ചിമേഷ്യയിലെ സംഘർഷം മൂലം ഇന്ധന വിതരണ ശൃംഖലയിലുണ്ടായ തടസ്സങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ശ്രമിച്ചു കൊണ്ടിരിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ നടന്ന NXT കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട വെല്ലുവിളികളെ നേരിടുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധതയും പ്രധാനമന്ത്രി വീണ്ടും ഉറപ്പിച്ചു. എണ്ണ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജ ലഭ്യത വിപുലീകരിക്കുന്നതിനും മേഖലയിൽ സ്വാശ്രയത്വം ശക്തിപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ തുടരുകയാണെന്നും ശ്രീ.മോദി പറഞ്ഞു.

(ഹോൾഡ് - വോയ്സ്)

*******************************

## HARDEEP- PETROLEUM

ഇന്ത്യയുടെ ക്രൂഡ് ഓയിൽ ലഭ്യത സുരക്ഷിത നിലയിലെന്ന് കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി. പെട്രോൾ, ഡീസൽ, മണ്ണെണ്ണ, വിമാന ഇന്ധനം, എന്നിവക്ക് രാജ്യത്ത് ക്ഷാമമില്ലെന്നും രാജ്യത്തെ ഊർജ്ജ സംബന്ധമായ സാഹചര്യം ഇന്നലെ ലോക്സഭയിൽ വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. റിഫൈനറികൾ പൂർണ്ണ ശേഷിയിലാണ് പ്രവർത്തിക്കുന്നത്. ഇന്ധന വിതരണം ഉറപ്പാക്കുന്നതിനായി, ഇറക്കുമതി കൂടുതൽ രാജ്യങ്ങളിലേക്ക് വൈവിധ്യവത്കരിച്ചു. റിഫൈനറികൾക്ക് നൽകിയ നിർദേശത്തിന്റെ ഫലമായി ആഭ്യന്തര എൽപിജി ഉത്പാദനം 28 ശതമാനം വർദ്ധിപ്പിച്ചു. 33 കോടി കുടുംബങ്ങൾക്ക് തടസ്സമില്ലാതെ പാചകവാതകം നൽകുകയാണ് സർക്കാരിന്റെ മുൻഗണനയെന്നും അദ്ദേഹം പറഞ്ഞു.

*******************************

## SUJATA SHARMA(INTRO)

അവശ്യവസ്തുക്കളുടെ പൂഴ്ത്തിവയ്പ്പിനെതിരെ കർശന നടപടികൾ സ്വീകരിക്കാനും അവശ്യവസ്തുക്കളുടെ തടസ്സമില്ലാത്ത ലഭ്യത ഉറപ്പാക്കാനും സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയ ജോയിൻറ് സെക്രട്ടറി സെന്തിൽ രാജൻ. ന്യൂഡൽഹിയിൽ നടന്ന പശ്ചിമേഷ്യയിലെ സംഭവ വികാസങ്ങളെക്കുറിച്ചുള്ള അന്തർ-മന്ത്രിതല സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ എൽപിജിയുടെ ഏകദേശം 60 ശതമാനവും ഇറക്കുമതി ചെയ്യുന്നതായും അതിൽ ഭൂരിഭാഗവും ഹോർമുസ് കടലിടുക്ക് വഴിയാണ് വരുന്നതെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു.

(ഹോൾഡ് വോയിസ്)

**************************************

## INDIAN OIL- ASSURANCE

രാജ്യത്ത് ഇന്ധന വിതരണം തടസ്സമില്ലാതെ തുടരുമെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ. പെട്രോൾ, ഡീസൽ, പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നിവയുടെ മതിയായ ശേഖരം രാജ്യത്തുണ്ട്. തെറ്റായ പ്രചാരണങ്ങൾ തള്ളിക്കളയണമെന്നും, പെട്രോൾ പമ്പുകളിൽ അനാവശ്യമായ തിരക്ക് ഒഴിവാക്കണമെന്നും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അഭ്യർത്ഥിച്ചു.

**************************************

## PM-IRAN PREZ

പശ്ചിമേഷ്യൻ മേഖലയിലെ സ്ഥിതിഗതികൾ ചർച്ച ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇറാൻ പ്രസിഡന്റ് മസൂദ് പെഷേഷ്കിയാനുമായി സംഭാഷണം നടത്തി. സംഘർഷങ്ങൾ വർദ്ധിക്കുന്നതിലും സാധാരണക്കാരുടെ ജീവൻ നഷ്ടപ്പെടുന്നതിലും പ്രധാനമന്ത്രി ആശങ്ക പ്രകടിപ്പിച്ചു. ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയും, ചരക്കുകളുടെ തടസ്സമില്ലാത്ത നീക്കവുമാണ് ഇന്ത്യയുടെ മുൻഗണനയെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു.

**************************************

## PM ASSAM

പിഎം കിസാൻ സമ്മാൻ നിധിയുടെ 22-ാം ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിലെ ഗുവാഹത്തിയിൽ നിർവഹിക്കും. 9 കോടി 32 ലക്ഷത്തിലധികം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 18,640 കോടി രൂപ കൈമാറും. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് അസമിലെത്തുന്ന പ്രധാനമന്ത്രി, കൊക്രജാറിൽ റെയിൽവേ കോച്ച് റിപ്പയറിംഗ് ഫാക്ടറിയുടെ ശിലാസ്ഥാപവും, മൂന്ന് പുതിയ റെയിൽവേ സർവീസുകളുടെ ഉദ്ഘാടനവും നിർവഹിക്കും. ഗുവാഹത്തിയിൽ

വൈകുന്നേരം നടക്കുന്ന ചടങ്ങിൽ കോപിലി ജലവൈദ്യുത പദ്ധതി പ്രധാനമന്ത്രി നാടിന് സമർപ്പിക്കും. 10,000 കോടി രൂപയുടെ വികസന പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്യും. സിൽചാറിൽ 24,205 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുന്ന പ്രധാനമന്ത്രി തുടർന്ന് പശ്ചിമ ബംഗാളിലെത്തും.

*******************************

## PARLIAMENT TODAY

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം തുടരുന്നു. ലോക്സഭയിൽ ഉപധന്യാഭർത്ഥനകളിൽ ഇന്ന് ചർച്ചയും വോട്ടെടുപ്പും നടക്കും. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ചർച്ചയ്ക്ക് മറുപടി പറയും. രാജ്യസഭയിൽ ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ ഇന്ന് ചർച്ചയ്ക്കെടുക്കും.

*******************************

## MDNIY-YOGA

ഇൌ വർഷത്തെ അന്താരാഷ്ട്ര യോഗ ദിനത്തിലേക്കുള്ള 100 ദിവസത്തെ കൗണ്ട്ഡൗണിന് തുടക്കം കുറിക്കുന്നതിൻറെ ഭാഗമായി ഇന്ന് ന്യൂഡൽഹിയിൽ യോഗ മഹോത്സവ് സംഘടിപ്പിക്കും. മൊറാർജി ദേശായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്ര ആയുഷ് മന്ത്രി പ്രതാപ് റാവു ജാദവ് പങ്കെടുക്കും.

*******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....

(ബ്രേക്ക്)

*******************************

## WEST ASIA CONFLICT- INTRO

യുഎസ്–ഇസ്രയേൽ സംയുക്ത സൈനിക നടപടിക്കെതിരെ ഇറാൻ രംഗത്തിറങ്ങിയതിനെ തുടർന്ന് രണ്ടാഴ്ച പിന്നിടുമ്പോഴും പശ്ചിമേഷ്യയിൽ സംഘർഷം ശക്തമായി തുടരുന്നു. മേഖലയിൽ പല ഭാഗങ്ങളിലും പുതിയ ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തു. **വിശദാംശങ്ങളിലേക്ക്.....**

(വോയ്സ്.... )

## WEST ASIA CONFLICT (VO)

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ ഗൾഫ് സഹകരണ കൗൺസിൽ രാജ്യങ്ങൾ അതീവ ജാഗ്രതയിലാണ്. സൗദി അറേബ്യയിൽ, കിഴക്കൻ എണ്ണ ഇടനാഴിക്ക് സമീപമുള്ള പ്രദേശങ്ങളിൽ ഉൾപ്പെടെ ഊർജ സൗകര്യങ്ങൾ ലക്ഷ്യമിട്ട് എത്തിയ ഇറാന്റെ ഡ്രോണുകളെ വ്യോമ പ്രതിരോധ സംവിധാനങ്ങൾ തടഞ്ഞു. ഇന്നലെ ഇറാനിൽനിന്നു വിക്ഷേപിച്ച പത്ത് ബാലിസ്റ്റിക് മിസൈലുകളും 26 ഡ്രോണുകളും യുഎഇ സേന നിർവീര്യമാക്കി. ബാസിജ് അർദ്ധസൈനിക സേനയുടെ ചെക്ക്പോസ്റ്റുകൾ ലക്ഷ്യമിട്ട് തെഹ്റാനിൽ പോർവിമാനങ്ങൾ ആക്രമണം നടത്തിയതായി ഇസ്രയേൽ സൈന്യം അറിയിച്ചു. ഹോർമുസ് കടലിടുക്കിന് ചുറ്റും സംഘർഷാവസ്ഥ നിലനിൽക്കുകയാണ്. ഇതുവഴിയുള്ള കപ്പൽഗതാഗതം തടസ്സപ്പെട്ടത് ആഗോള എണ്ണവിപണിയെ സാരമായി ബാധിച്ചു. പ്രാദേശിക വ്യോമാതിർത്തി അടച്ചതിനാൽ നിരവധി റൂട്ടുകൾ തടസ്സപ്പെട്ടതായി ഒമാൻ എയർ അറിയിച്ചു. ആക്രമണങ്ങളിൽ ഇറാനിലെ ഉന്നത ആണവ ശാസ്ത്രജ്ഞർ കൊല്ലപ്പെട്ടതായി ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു പറഞ്ഞു. അതേസമയം, തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്ക് അടച്ചുപൂട്ടുന്നത് അമേരിക്ക, ഇസ്രയേൽ എന്നീ രാജ്യങ്ങളെ സമ്മർദ്ദത്തിലാക്കുമെന്ന് ഇറാന്റെ പുതിയ പരമോന്നത നേതാവ് ആയത്തുള്ള മൊജ്തബ ഖമനേയി അറിയിച്ചു. **ന്യൂസ് ഡെസ്ക്, ആകാശവാണി..**

**********************************

## FIH HOCKEY WOMEN'S WORLD CUP

ഹൈദരാബാദിൽ നടക്കുന്ന യോഗ്യതാ ടൂർണമെന്റിന്റെ സെമിഫൈനലിന് യോഗ്യത നേടിയതോടെ FIH ഹോക്കി വനിതാ ലോകകപ്പിൽ സ്ഥാനം ഉറപ്പിച്ച് ഇന്ത്യ. ആഗോളറാങ്കിങ്ങിൽ ഒമ്പതാം സ്ഥാനത്തുള്ള ഇന്ത്യ, ജപ്പാനെ മറികടന്നാണ് ലോകകപ്പിന് യോഗ്യത നേടിയത്. ഈ വർഷം ഓഗസ്റ്റിൽ ബെൽജിയത്തിലും നെതർലാൻഡിലുമാണ് ലോകകപ്പ് നടക്കുന്നത്. ഹൈദരാബാദിൽ നടക്കുന്ന യോഗ്യതാ ടൂർണമെന്റിന്റെ സെമിഫൈനലിൽ ഇന്ത്യ ഇന്ന് ഇറ്റലിയെ നേരിടും.

*******************************

## CEO MEETING – TVM

നിയമസഭാ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽകർ ഇന്ന് തിരുവനന്തപുരത്ത് ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചു ചേർത്തു. രാവിലെ 9.45 നാണ് യോഗം. അതെസമയം, നിയമസഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി നടപ്പിലാക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. ഇതിനായി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി.

*******************************

## SIR

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെ പേര് ചേർക്കാം.

*******************************

## PRIORITY RATION CARDS

അർഹരായ 65,000 കുടുംബങ്ങൾക്കുള്ള മുൻഗണനാ റേഷൻകാർഡുകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. ഇതോടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റി നൽകിയ ആകെ കാർഡുകളുടെ എണ്ണം ഏഴ് ലക്ഷത്തി 16,692 ആയി.

*******************************

## KERALAM – LPG

സംസ്ഥാനത്ത് ഗാർഹികേതര ആവശ്യങ്ങൾക്കുള്ള പാചക വാതക സിലണ്ടറുകളുടെ ക്ഷാമം നേരിടാൻ അടിയന്തിര നടപടികൾ സ്വീകരിക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു. ക്ഷാമം തടയാൻ മുൻഗണന ക്രമം നിശ്ചയിക്കാനും കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും തടയാൻ എൻഫോഴ്സ്മെന്റ് സംഘം രൂപീകരിക്കാനും തീരുമാനമായി. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ പാചക വാതക കമ്പനി പ്രതിനിധികളുമായി സംസ്ഥാന സർക്കാർ നടത്തിയ ചർച്ചയിലാണ് പാചക വാതക പ്രതിസന്ധി നേരിടാൻ അടിയന്തിര നടപടികൾ കൈകൊള്ളാൻ തീരുമാനിച്ചത്.

***************************************************************************************************************************
********